പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 280 07.10.2016-ലെ മറുപടിക്ക്

## ഹരിത നഗരം പദ്ധതി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
" എ. പ്രദീപ്കുമാർ
" എ. എൻ. ഷംസീർ
" സി. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഹരിത നഗരം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഹരിത നഗരം എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.ആർ.ടി.സി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ. ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ കൊച്ചിയിൽ ഇന്ധനം ലഭ്യമാണ്. എന്നാൽ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് എവിടെയും സ്ഥാപിതമായിട്ടില്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് 95% ഇന്ധനം നല്കുന്നതും കൊച്ചിയിൽ സി.എൻ.ജി.യുടെ വിതരണാവകാശം ലഭിച്ചിട്ടുള്ളതുമായ M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.യുടെ ആസ്ഥാനമായ തേവരയിലും, തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധന വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. |

| | | | |
|---|---|---|---|
| (സി) | ഇതിൻ പ്രകാരം എത്ര സി.എൻ.ജി ബസുകൾ നിരത്തിലിറക്കാനാണു ദ്ദേശിക്കുന്നത്; | (സി) | കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്നതാണെ ന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോ ഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കി യിട്ടുണ്ട്. |
| (ഡി) | സി.എൻ.ജി. വാഹനങ്ങളിൽ നിറയ് ക്കുന്നതിനാവശ്യമായ ഡിസ്പെൻ സിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് എവിടെയെങ്കിലും സ്ഥാപിച്ചിട്ടു ണ്ടോ; ഇല്ലെങ്കിൽ ഇവ എവിടെയെ ല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സി.എൻ.ജി. വാഹനങ്ങളിൽ നിറയ്ക്കുന്നതി നാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല.<br>2017 ജനുവരിയോടെ കെ.എസ്.ആർ. ടി.സിയുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും തേവരയിലും, 2017 ജൂണിൽ തിരുവനന്തപുരം ആനയറയിലും 2018 ഫെബ്രുവരിയിൽ കൊല്ലത്തും, 2017 ആഗസ്റ്റിൽ കണ്ണൂരിലും 2018 മാർച്ചിൽ തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ M/s.ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ